# രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2017
# സാമൂഹ്യശാസ്ത്രം

STD: X Score:80

1. റഷ്യൻ വിപ്ലവം (1)
2. ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം (GPS) (1)
3. ബാഹ്യനിയന്ത്രണമില്ലാതെ ആഭ്യന്തരവിഷയങ്ങളിൽ തീരുമാനമെടുക്കാനുമുള്ള പൂർണ്ണമായ രാഷ്ട്രത്തിന്റെ അധികാരം. (2)

4.
- മുതിർന്നവരെ ബഹുമാനിക്കുക
- സാമൂഹ്യസേവനത്തിലേർപ്പെടുന്നതിന് പ്രചോദനം നൽകുക.
- അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നു.

5. (2)
- സെക്കന്ററി വിദ്യാഭ്യാസലഭ്യത ഉറപ്പുവരുത്തുക
- വിദ്യാഭ്യാസസൗകര്യങ്ങൾ മെച്ചപ്പെടുത്തുക

6. (2)
- <u>സർചാർജ്</u> - നികുതിക്കുമേൽ ചുമത്തുന്ന അധികനികുതി. ഒരു നിശ്ചിതകാലത്തേക്ക് ചുമത്തുന്നു.
- <u>സെസ്സ്</u> - സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധിക നികുതി. ആവശ്യത്തിന് പണം ലഭിച്ചുകഴിഞ്ഞാൽ സെസ്സ് നിർത്തലാക്കാം.

7. (3)
- ഇന്ത്യൻ ജനതയുടെ ജീവിതത്തേയും സംസ്കാരത്തേയും ആഴത്തിൽ അറിയുന്നതിന്
- ഭരണം ശക്തിപ്പെടുത്താൻ സഹായിക്കും.
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഒരുവിഭാഗം ഇന്ത്യാക്കാരുടെ പിന്തുണ നേടാൻ.
- ഇംഗ്ലീഷുകാരുടെ ജീവരീതിയോട് താത്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക
- അഭിരുചിയിലും, അഭിപ്രായത്തിലും ഇംഗ്ലീഷുകാരായ ഇന്ത്യക്കാരെ സൃഷ്ടിക്കുക.
- ബുദ്ധിയിലും, ധാർമ്മികതയിലും ഇംഗ്ലീഷുകാരോട് വിധേയത്വമുള്ള ഒരു ഇന്ത്യൻ തലമുറയെ സൃഷ്ടിക്കുക.

8. (3)
- മുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.
- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.
- വടക്ക് - പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണമോ, വേണ്ടയോ എന്ന തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തി നിർണ്ണയ കമ്മീഷനെ ിയമിക്കുന്നതാണ്.

9. (3)

- വീട്ടിലെ മാലിന്യങ്ങൾ പൊതുവഴിയിൽ ഇടുന്നത്
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കാ്തത്
- പ്രകൃതിയെ രക്ഷിക്കാത്തത്
- അനീതിക്കെതിരെ പരാതിപ്പെടാത്തത്.
- വൃദ്ധരെ ബഹുമാനിക്കാത്തതും, സംരക്ഷിക്കാത്തതും.

  (ഏതെങ്കിലും മൂന്നെണ്ണം എഴുതുക)

10. (3)

- ഭൂമിയുടെ പരിക്രമണവും - അച്ചുതണ്ടിന്റെ ചരിവ്
- ഇതുമൂലമുണ്ടാകുന്ന സൗരോർജ്ജ ലഭ്യതയിലുള്ള ഏറ്റക്കുറച്ചിൽ

11. (3)

- ഭൂപ്രദേശത്തിന്റെ ഉയരം
- ചരിവിന്റെ അളവ്
- ഭൂരൂപത്തിന്റെ ആകൃതി.

12. (3)

- <u>വികസനച്ചെലവുകൾ</u> - ജനക്ഷേമം ലക്ഷ്യമാക്കി സർക്കാർ ചെലവഴിക്കുന്ന ചെലവുകൾ
  eg: റോഡ്, പാലം, തുറമുഖം, വിദ്യാഭ്യാസസ്ഥാപന നിർമ്മാണം.
- <u>വികസനേതര ചെലവുകൾ</u> - സർക്കാർ നിശ്ചയമായും നടപ്പിലാക്കേണ്ട ചെലവുകൾ.
  Eg: യുദ്ധം, പെൻഷൻ, പലിശ etc.

13. (4)

| A | B |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | **<u>വി.ഡി സവർക്കർ</u> (A)** |
| **<u>ഗദർ പാർട്ടി</u> (B)** | ലാലാഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | **<u>സൂര്യ സെൻ</u> (C)** |
| **<u>അനുശീലൻ സമിതി</u> (D)** | പുലിൻ ബിഹാരി ദാസ് |

14. (4)

| പ്രാദേശിക വാതങ്ങൾ | സ്വാധീന മേഖലകൾ |
|---|---|
| ഹർമാറ്റൻ | സഹാറ മരുഭൂമി |
| ലൂ | ഉത്തരമഹാസമതലം |
| ഫൊൻ | ആൽപ്സ് പർവ്വത നിരയുടെ വടക്കേ ചരിവ് |
| ചിനൂക്ക് | റോക്കീസ് പർവതനിരയുടെ കിഴക്കേ ചരിവ് |


15. (4)

a) മാൾവാ പീഠഭൂമി

b) പശ്ചിമഘട്ടം

c) ഗോദാവരി നദി

d) കൊങ്കൺ തീരസമതലം




BINDUMOL P.R
GOVT. GHSS VAIKOM
MOB.NO: 9496277360
KOTTAYAM DIST.

DEEPU V.S
HSS&VHSSBRAHMAMANGALAM
MOB:9446921117,9496320945
KOTTAYAM DIST.

16. (4)

- പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും, വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- മനുഷ്യാവകാശപ്രവർത്തനങ്ങൾക്ക് മാതൃകയായി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയംമുന്നോട്ടു വച്ചു
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും, അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

17. (4)

*<u>ബ്രിട്ടീഷ് ഭരണം ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ച</u>*

- റെയിൽവേ വികസനം
- ബ്രിട്ടീഷ് ഉദ്യോഗസ്ഥചൂഷണം, പീഡനം
- ഉയർന്ന നികുതി
- അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി
- ബ്രിട്ടീഷ് തുണിത്തരങ്ങളുടെ വൻതോതിലുള്ള ഇറക്കുമതി.
  (വിശദീകരണം)

18. (4)

- കാർഷിക വ്യാവസായിക മേഖല പുഷ്ടിപ്പെട്ടു
- ദാരിദ്ര്യനിർമാർജ്ജനം
- വിദ്യാഭ്യാസ മേഖലയിലെ പുരോഗതി
- ഇരുമ്പുരുക്ക് വ്യവസായശാലകളുടെ ആരംഭം.
- അണക്കെട്ടുകളുടെ നിർമ്മാണം (വിശദീകരണം)

19. (4)

- പ്രാഥമിക – തുടർ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം.
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കുക.
  (പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക)
- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കുക
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക.

20. (4)

നിർബന്ധിത ചുമതല – ഒരു രാഷ്ട്രം എല്ലാക്കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകൾ.

Eg: അതിർത്തി സംരക്ഷണം, ആഭ്യന്തര സമാധാനം, അവകാശ സംരക്ഷണം, നീതിനടപ്പിലാക്കൽ (ഏതെങ്കിലും ഒന്ന് മാത്രം )

വിവേചനപരമായ ചുമതല – രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകൾ.

Eg: വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ക്ഷേമ പദ്ധതികൾ, ഗതാഗതസൗകര്യം

(ഏതെങ്കിലും ഒന്ന് മാത്രം )

www.shenischool.in

21. (4)

A) 8535 – ശവപ്പറമ്പ്

B) 8134 – കോട്ട

C) 846362 – ക്രിസ്ത്യൻ പള്ളി

D) 837343 – കുഴൽ കിണർ

22. (4)

- പ്രാഥമിക വിവരങ്ങൾ
- ഭൗതിക സവിശേഷതകൾ
- സാംസ്കാരിക സവിശേഷതകൾ (വിശദീകരണം)

23. (4)

- വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നു.
- വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.
- വിമാനത്തിന് പറന്നുയരാനും, ഇറങ്ങാനും ഉറപ്പായ സ്ഥലം ആവശ്യമാണ്.
- ഇന്ധനം നിറയ്ക്കുന്നതിന്, വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർധിപ്പിക്കുന്നു.

24. (4)

- സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36,000 km ഉയരത്തിൽ
- ഭൂമിയുടെ 1/3 ഭാഗം നിരീക്ഷണ പരിധിയിൽ
- ഭൂമിയുടെ ഭ്രമണവേഗത്തിന് തുല്യമായ വേഗത്തിൽ സഞ്ചരിക്കുന്നതിനാൽ എപ്പോഴും ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു.
- ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു.
- വാർത്താവിനിമയത്തിനും, ദിനാന്തരീക്ഷ സ്ഥിതിയിലുണ്ടാകുന്ന വ്യത്യാസം മനസ്സിലാക്കാനും പ്രയോജനപ്പെടുന്നു.

25. (6)

- പന്ത്രണ്ട് വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.
- പെൺശിശുഹത്യ നിരോധിച്ചു.
- സതി നിരോധിച്ചു.
- വിധവാ പുനർവിവാഹം നടപ്പിലാക്കി.
- അടിമത്തം നിരോധിച്ചു.
- ശൈശവ വിവാഹവും, ബഹുഭാര്യത്വവും നിരോധിച്ചു.

(വിശദീകരണം)

26. (6)

ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും മർദകഭരണത്തെയും കൂട്ടക്കൊലയെയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.

ഇന്ത്യയുടെ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി നടക്കുന്ന സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

ബ്രിട്ടീഷ് ഭരണത്തിനെതിരായും, ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്ക് എതിരായും പ്രതിഷേധിക്കാനും പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു.

ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി.

പ്ലേഗ്, ക്ഷാമം എന്നിവമൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു.

27. (6)

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| അറബിക്കടലിനും, പശ്ചിമഘട്ടത്തിനും ഇടയിൽ | ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ |
| റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ | സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ |
| താരതമ്യേന വീതി കുറവ് | വീതി താരതമ്യേന കൂടുതൽ |
| ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തരംതിരിക്കാം | കോറമണ്ഡൽ തീരസമതലം, വടക്കൻ സിർകാർസ് തീരസമതലം, എന്നിങ്ങനെ തിരിക്കാം. |
| കായലുകളും, അഴിമുഖങ്ങളും കാണപ്പെടുന്നു. | ഡെൽറ്റ രൂപീകരണം നടക്കുന്നു. |

28. (6)

- സിന്ധു - ഗംഗ – ബ്രഹ്മപുത്ര
- ഹിമാലയപർവതനിരകളിൽ നിന്നുത്ഭവിക്കുന്നു.
- അതിവിസ്തൃതമായ വൃഷ്ടിപ്രദേശം
- അതിശക്തമായ അപരദനതീവ്രത
- പർവതമേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുകയും, സമതലങ്ങളിൽ വളഞ്ഞു പുളഞ്ഞ് ഒഴുകുകയും ചെയ്യുന്നു.
- ഉയർന്ന ജലസേചന ശേഷി
- സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത. (വിശദീകരണം)


K.S. DEEPU
HSS & VHSS BRAHMAMANGALAM
MOB: 944692117, 9496320945
KOTTAYAM-DIST

BINDUMOL P.R
GOVT. GHSS VAIKOM
MOB: 9496277360
KOTTAYAM-DIST